ഭാഗധേയങ്ങളുടെയും, വിധിയന്ത്രത്തിരിപ്പുകളുടെയും കടംകഥയായ ജീവിതത്തെ സംവാദമാക്കി സേതു ചാരുതയോടെ 'കൈമുദ്രകളി'ൽ ആവിഷ്കരിക്കുന്നു. കഥ പറയുകയല്ല അദ്ദേഹത്തിന്റെ ലക്ഷ്യം. ജീവിതത്തിന്റെ അർത്ഥത്തേയും, അർത്ഥശൂന്യതയേയും അപഗ്രഥിക്കുകയാണ്. ആ അപഗ്രഥനം ഒരിക്കൽ പോലും പ്രബന്ധമായി മാറുന്നില്ല. നൈസർഗ്ഗികമായ സർഗാത്മകതയിൽ നിന്ന് മാറിപ്പോകുന്നുമില്ല. അർത്ഥങ്ങൾക്കിടയിലെ അർത്ഥശൂന്യതയേയും അർത്ഥശൂന്യതകൾക്കിടയിലെ അർത്ഥങ്ങളേയുമാണ് സേതു തേടുന്നത്. എന്താണ് ജീവിതം ? ജീവിതത്തിന് ശാശ്വതമായ പൊരുളുണ്ടോ ? ജനിക്കുന്നു, ജീവിക്കുന്നു, മരിക്കുന്നു. എവിടെ നിന്നോ വരുന്നു, എങ്ങോട്ടോ പോകുന്നു. ഇന്നോളം പിടികിട്ടാത്ത ആ പ്രഹേളികയുടെ പിന്നാലെ സഞ്ചരിക്കുന്ന ഒരെഴുത്തുകാരന്റെ ഒസ്യത്താണ് 'കൈമുദ്രകൾ'.

*(എം.എം. ബഷീർ - ജീവിതത്തിന്റെ കൈമുദ്രകൾ - ഇന്ത്യാ ടുഡെ - 29.03.00)*

നേരത്തെയുള്ള സേതുവായനയിൽ നിന്ന് വ്യത്യസ്തമാണ് 'കൈമുദ്രകൾ' സമ്മാനിക്കുന്ന രീതി. വ്യത്യസ്തവും ഔചിത്യപൂർണവുമായ പദസന്നിവേശത്താൽ പടുത്തുയർത്തിയ കൈമുദ്രകൾ സേതു എന്ന എഴുത്തുകാരന്റെ നൈസർഗികമായ സംവേദനശേഷിയെ ഉയരത്തിൽ അടയാളപ്പെടുത്തുന്നു. വാസ്തവികതയുടെ പ്രതീതി ഏറെ ഉളവാക്കുന്ന തരത്തിൽ അർത്ഥാന്വേഷണത്തിന് പ്രേരിപ്പിക്കും വിധം വായനയെ കൊണ്ടു ചെന്നെത്തിക്കുന്ന ധർമ്മം വിജയകരമായി പൂർത്തിയാക്കാൻ കൈമുദ്രകളിലൂടെ സേതുവിന് സ്വാധീനിച്ചിട്ടുണ്ട്. സേതു കഥയെഴുത്ത് ആരംഭിക്കുന്ന കാലത്തുണ്ടായിരുന്ന ജീവിതദർശനങ്ങളും അനുഭവപരിസരങ്ങളും മുച്ചൂടും ശിഥിലമായി കഴിഞ്ഞിരിക്കുന്നു. കൊന്നും തിന്നും പോരാടിയും കീഴടങ്ങിയുമുള്ള ഉപഭോഗസംസ്കൃതി സമൂഹത്തെ വിഴുങ്ങിയ കാലത്ത് നിന്നുകൊണ്ട് കൈമുദ്രകളുടെ രചന നടത്തുമ്പോൾ കാലത്തിന്റെ നിരപ്പിൽ നിന്ന് കാഴ്ച കാണാനാവുന്നു എന്നതാണ് സേതു എന്ന നോവലിസ്റ്റ് ഈ കൃതിയിലൂടെ നേടുന്ന രണ്ടാം വിജയം. ജീവിതത്തെ സംബന്ധിച്ച വ്യത്യസ്തമായ കാഴ്ചപ്പാടുകളുള്ള കൈമുദ്രകളിലെ ഓരോ കഥാപാത്രങ്ങളും എത്തിച്ചേരുന്ന കടലോരങ്ങൾ ഒന്നാണ്. കടലെടുത്ത ജീവിതകാമനകളുടെ തീരങ്ങളാണവ. കടപുഴകി വീണ പ്രതീക്ഷകളുടെയും തിരവെള്ളം തിന്ന സ്വപ്നങ്ങളുടെയും ജഡങ്ങൾ കാകനും കഴുകനും കൊത്തിവലിക്കുന്ന ദുരന്തക്കാഴ്ചകൾ മറ്റൊരു സേതുകൃതിയിലും ഇത്രയേറെ യാഥാർത്ഥ്യനിഷ്ഠയോടെ ആവിഷ്കരിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല.

*(പി. മുഹമ്മദലി - സാംസ്കാരികവികാരം - ജനുവരി 2003)*

സേതുവിന്റെ നോവലുകളിൽ അതിസങ്കീർണ്ണമാണ് 'കൈമുദ്രകൾ'. നഗരബാഹുല്യത്തിന്റെ പ്രകടനപരമായ ജീവിതസാഹചര്യങ്ങളെന്ന നിലയിൽ ഒതുക്കത്തിൽ വിലയിരുത്തേണ്ട കഥയല്ല കൈമുദ്രകൾ. മനുഷ്യമനസുകളിലെ ചിരന്തനമായ താൻപോരിമയും അഴിക്കുന്തോറും കുഴയുന്ന ബന്ധങ്ങളുടെ അഴിയാക്കണ്ണികളും അതിലുപരി അസ്തിത്വപ്രശ്നങ്ങളുമെല്ലാം ഇതിൽ കൂടിക്കുഴഞ്ഞു കിടക്കുന്നു. പരമ്പരാഗത നോവൽശൈലി പോലെ നായകനേയും നായികയേയും കേന്ദ്രീകരിച്ചു തന്നെയാണ് ഇതിലെയും കഥ നീങ്ങുന്നത്. പക്ഷെ, പൊരുത്തക്കേടുകളുടെയും പൊരുത്തപ്പെടലുകളുടെയും വിശ്ലഥാവസ്ഥ ഭ്രമാത്മകമായ പല സന്ദർഭങ്ങളും

നമുക്ക് നൽകുന്നു. സാധാരണകഥയിൽ ഒരതിർത്തി കഴിഞ്ഞാൽ കഥാപരിണാമം ഊഹിക്കാൻ സാധിച്ചേക്കും. അതുപോലെ തന്നെ നോവൽ പരിണമിച്ചേക്കണമെന്നില്ലെന്ന സത്യവും അംഗീകരിക്കുന്നു. എന്നാൽ ഊഹത്തിനുള്ള എല്ലാ സാദ്ധ്യതയും അവസാനിപ്പിച്ചു കൊണ്ടാണ് സേതു കഥയുടെ എല്ലാ സന്ദർഭങ്ങളും ഒരുക്കിയെടുത്തിട്ടുള്ളത്. കഥയിലെ അപ്രതീക്ഷിതമായ തിരിവുകൾ പലപ്പോഴും നമ്മെ വിഷമിപ്പിക്കും. ആഗ്രഹത്തിനൊത്ത പരിണാമമല്ല ജീവിതമെന്ന ദർശനം പകർത്തിയെഴുതിയ നോവലാണ് കൈമുദ്രകൾ. ആ നിഗമനത്തിലേക്ക് നാമെത്തി നിൽക്കുമ്പോഴാണ് നാഥോദയമായി കഥയവസാനിക്കുന്നത്. അതും ഒരു വിസ്മയമായി നമ്മെ അമ്പരപ്പിക്കുന്നു. ഈ ഞെട്ടലുകൾ കഥാർസിസായി നമുക്ക് തീരുകയും ചെയ്യും.

*(എൻ. അജിത്കുമാർ - ജീവിതത്തിന്റെ നവനീതപാഠങ്ങൾ - സാംസ്കാരികവികാരം - ജനുവരി 2003)*

സേതുവിന്റെ 'കൈമുദ്രകൾ' എന്ന പുതിയ നോവൽ കാലത്തിന്റെ സമസ്യകളെ വായനക്കാരന് പുതിയ അനുഭവമാക്കി നല്കുന്നു. സംവേദനത്തിന് ഹൃദയഭാഷ നഷ്ടപ്പെട്ട മൂകസമൂഹത്തിന് ആംഗ്യഭാഷകളേ വശമാകൂ. അണുകുടുംബങ്ങളായി ചിതറിത്തെറിച്ച തലമുറകളുടെ ശിരോ രേഖകൾ ഇവിടെ തെളിഞ്ഞു കാണാം. പാവകളുടെ ഒരു ലോകമാണ് സേതു ഒരർത്ഥത്തിൽ ചിത്രീകരിക്കുന്നത്.....ലോകം തന്നെ വലിയ ഒരു പാവക്കൂത്തായി മാറിക്കൊണ്ടിരിക്കുന്നതായി പറയുമ്പോൾ, സമൂഹഘടനയ്ക്ക് വന്നു ചേരുന്ന മുറിവുകളെ ഇരുണ്ടഹാസ്യത്തിലൂടെ ആവിഷ്കരിക്കുകയാണ്. പാവകളുടെ ലോകത്തിൽ തുടങ്ങി പാവയുടെ ചരമശുശ്രൂഷയിൽ അവസാനിക്കുന്ന കൈമുദ്രകൾ, ആഖ്യാനത്തിൽ വ്യതിരിക്തത പുലർത്തുന്നുണ്ട്. സേതുവിന്റെ നോവലുകളിൽ ശ്രദ്ധാർഹമായ രചനയായി കൈമുദ്രകളെ കാലം കൈക്കൊള്ളും.

*(കെ.എസ്.പ്രകാശ് - പാവനാടകങ്ങളുടെ ലോകം - കലാകൗമുദി - 1226)*

കാരണങ്ങളില്ലാതെ വെറുക്കാനും സ്നേഹിക്കാൻ വേണ്ടി കാരണങ്ങൾ കണ്ടെത്താനുമുള്ള മനുഷ്യമനസ്സിന്റെ വിചിത്രമായ സഞ്ചാരങ്ങൾ സേതുവിന്റെ കൃതികളിലുണ്ട്. നിസംഗതയുടെ അന്തരശ്രുതി കലർന്ന വ്യക്തിബന്ധങ്ങളും പ്രണയസന്ദർഭങ്ങളും ജീവിതത്തിന്റെ ഏതോ ബിന്ദുവിൽ വച്ച് ശിഥിലമാവുകയും സ്നേഹത്തിന്റെ അഗാധമായ കാന്തികപഥങ്ങളിലേക്ക് മനുഷ്യൻ ആകർഷിക്കപ്പെടുകയും ചെയ്യുന്ന അനുഭവങ്ങളിൽ നിന്നാണവ രൂപം കൊള്ളുന്നത്. പ്രണയത്തിന്റെ തീക്ഷ്ണസന്ദർഭങ്ങളെ ആഘോഷിക്കുന്ന അത്തരം നിമിഷങ്ങളിൽ വാക്കുകൾ മിതപ്പെടുകയും അവ ഇല്ലാതാകുകയും പകരം കേവലം കൈമുദ്രകളും സൂചകങ്ങളും പരസ്പരം തിരിച്ചറിയപ്പെടാനുള്ള ഭാഷയായി മാറുകയും ചെയ്യുന്നു. അച്ഛനും അമ്മയും രണ്ടു മക്കളുമടങ്ങുന്ന ഒരു അണുകുടുംബം നാല് പരമാണുക്കളായി വിഘടിച്ചു പോകുമ്പോഴും അവരെ ഒന്നിച്ചു ചേർക്കുന്ന സ്നേഹത്തിന്റെ നിശബ്ദമായ അന്തർധാര സേതുവിന്റെ കൈമുദ്ര കൾ എന്ന നോവലിൽ കാണാവുന്നതാണ്......സ്നേഹരഹിതമാകുന്ന കേവല വ്യാപാരകേന്ദ്രങ്ങ ളായി മനസ്സ് പരിവർത്തനപ്പെടുന്ന വർത്തമാനകാലത്തിന്റെ അരക്ഷിതാവസ്ഥയിലാണ് ഈ നോവൽ വായനക്കാരോട് സംവദിക്കുന്നത്. ഹൃദ്യവും ഊഷ്മളവും എന്നൊക്കെ പലപ്പോഴും

പറയുമ്പോഴും ബന്ധങ്ങളുടെ ഉള്ള് പൊള്ളയാണെന്ന ഓർമ്മപ്പെടുത്തൽ ഈ നോവലിന്റെ പ്രമേയമാണ്.

*(ഡോ. എം.എസ്. പോൾ - സ്നേഹരഹിതമാകുന്ന അടയാളങ്ങൾ -ഗ്രന്ഥാലോകം - മാർച്ച് "09)*

എളുപ്പത്തിൽ പൊട്ടിച്ചിതറാവുന്ന സ്വപ്നമെന്നു വിളിക്കപ്പെടുന്ന കുടുംബത്തിന്റെ അതിരുകൾക്കുള്ളിൽ നടക്കുന്ന ശിഥിലീകരണപ്രക്രിയകളെയും സമന്വയശക്തിയേയും വിസ്തൃതമായ ഒരു ഭൂമികയിൽ വച്ചു പരിശോധിക്കുകയാണ് 'കൈമുദ്ര'കളിൽ സേതു ചെയ്യുന്നത്. ആധുനിക ന്യൂക്ലിയർ കുടുംബങ്ങളുടെ ഭദ്രതയും അതിലുള്ള അംഗങ്ങളുടെ പരസ്പരാർദ്രതയുമെല്ലാം അതിന്റെ സ്ഥലപരമായ നിശ്ശബ്ദതയുമായി ബന്ധപ്പെട്ടതാണെന്നു നോവലിസ്റ്റ് ഇവിടെ കാണിച്ചു തരികയാണ് ചെയ്യുന്നത്. സ്ഥലബോധത്തിന്റെ മായുന്ന അതിരുകൾ കാട്ടിത്തരുന്ന നോവലിൽ ദാസ് കുടുംബത്തിലെ അംഗങ്ങളായ ശാരദാമ്മയുടെയും അജയന്റെയും സരിതയുടെയുമെല്ലാം ആവാസപരമായ പദവി (റെസിഡൻഷ്യൽ സ്റ്റാറ്റസ്) ഇവിടെ നിർണ്ണായകമായിത്തീരുന്നു. (കോൺടിനെന്റൽ ഡ്രിഫ്റ്റിലൂടെ ഒഴുകുന്ന സ്ഥലത്തെ ചിത്രീകരിക്കുന്ന സരമാഗോയുടെ 'കല്ലുചങ്ങാടം' ഇവിടെ മനസ്സിലേക്ക് കടന്നു വരുന്നു.) മനുഷ്യരുടെ തൊഴിലും, ആവാസപരമായ പദവിയുമൊക്കെയാണ് അവരുടെ കുടുംബബന്ധങ്ങളുടെ തീവ്രത നിശ്ചയിക്കുന്നതെന്നിരിക്കെ മാനുഷികബന്ധങ്ങൾക്ക് ഇഴക്കട്ടിയില്ലാതാകുന്നത് നാം അറിയുന്നു. ജെ.കൃഷ്ണമൂർത്തി ചൂണ്ടിക്കാട്ടിയതു പോലെ മനസ്സ് ആധിപത്യം നേടുകയും ചിന്താപ്രക്രിയകൾ പ്രാധാന്യം നേടുകയും ചെയ്യുമ്പോൾ സ്നേഹം ഇല്ലാതെയാകുന്നു. ദാസ് കുടുംബത്തിലെ (അതൊരു ഭഗ്ന കുടുംബമാണ്) അംഗങ്ങൾ തങ്ങളുടെ തൊഴിൽപരമായ ഐഡൻറ്റിറ്റിക്ക് മുൻഗണന കൊടുക്കുമ്പോൾ അവരുടെ സമാഗമങ്ങൾ മുൻകൂട്ടി നിശ്ചയിച്ച രീതിയിൽ മാത്രമാകുന്നു.

*(സ്വരശില്പത്തിലെ ലയഭംഗങ്ങൾ - വിഎം.വിനയകുമാർ - സേതു - എഴുത്തും വായനയും - മാർച്ച് 2011)*